## ചീഫ് ടൗൺ പ്ലാനറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം : നഗര-ഗ്രാമാസൂത്രണ വകുപ്പ് -ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം, തിരുവനന്തപുരം - സാങ്കേതിക വിഭാഗം - കോട്ടയം ജില്ല - വാഴൂർ ഗ്രാമപഞ്ചായത്ത് - വാഴൂർ വില്ലേജ് - **പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ നിർമ്മാണം** - ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം : 1) വാഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23/07/19-ലെ എ 3/2707/19 നമ്പർ കത്ത്.

2) കോട്ടയം ടൗൺ പ്ലാനറുടെ 26/09/19-ലെ TCPKTM/1207/2019-C നമ്പർ കത്ത്.

---

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം.**

TCPCTP/2351/19-C3 തീയതി : **04/11/2019**

---

## ഉത്തരവ്

കോട്ടയം ജില്ലയിലെ വാഴൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വാഴൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ. 26-ൽ റീ സർവ്വേ നമ്പർ 150/7-ൽ ഉൾപ്പെട്ട സ്ഥലമുടമയുടെ 3020 ചതുരശ്ര മീറ്റർ സ്ഥലത്തു നിന്നും 750 ചതുരശ്ര മീറ്റർ സ്ഥലം വേർതിരിച്ച് ലീസിനെടുത്ത് സെയിൽസ് ബിൽഡിംഗ് (39 ചതുരശ്ര മീറ്റർ) കനോപ്പി (221 ചതുരശ്ര മീറ്റർ) ഉൾപ്പെടെ ആകെ 260 ചതുരശ്ര മീറ്റർ ആകെ വിസ്തീർണ്ണം വരുന്ന **പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ** നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ശ്രീമതി. ബിനാസർ,** പുത്തൻ പറമ്പിൽ (വീട്), ഈരാറ്റുപേട്ട.പി.ഒ., ഈരാറ്റുപേട്ട, കോട്ടയത്തിന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ. 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

### നിബന്ധനകൾ

1. കെ.പി.ബി.ആർ. 2011-ലെ ചട്ടം 11 (1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, റീസർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും, സ്ഥലപരിശോധന നടത്തിയും ഉറപ്പു വരുത്തണം.
2. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
3. നിർദ്ദിഷ്ട വസ്തുവിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തണം.
4. പരിസര മലിനീകരണം ഉണ്ടാകുന്നില്ലെന്ന് പരിശോധിച്ച് സെക്രട്ടറി ഉറപ്പാക്കണം.

5. ചട്ടം 61 (6) പ്രകാരം അഗ്നി സുരക്ഷാ വകുപ്പിൽ നിന്നുള്ള അനുമതി വാങ്ങിയിരിക്കണം.
6. ചട്ടം 61 (5) പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി വാങ്ങിയിരിക്കണം.
7. ചട്ടം 61 (7) പ്രകാരം എല്ലാവിധ അഗ്നി സുരക്ഷ ആവശ്യകതകളും NBC-05-ന് അനുസൃതമായിരിക്കണം.
8. ചട്ടം 101 പ്രകാരമുള്ള ഭൂഗർഭജല പോഷണ സംവിധാനം, ചട്ടം 30 പ്രകാരമുള്ള മാലിന്യ നിർമ്മാർജ്ജന സൗകര്യം എന്നിവ ഉണ്ടായിരിക്കണം.
9. ചട്ടം 61 പ്രകാരമുള്ള ദ്രവ-മാലിന്യ സംസ്കരണ സംവിധാനം, ചട്ടം 61 പ്രകാരമുള്ള മലിനജല പുനചംക്രമണ, പുനരുപയോഗ സംവിധാനം എന്നിവ പ്രസ്തുത ഉപയോഗത്തിന് വേണമോ എന്നത് സെക്രട്ടറി പരിശോധിക്കേണ്ടതാണ്.
10. കെ.പി.ബി.ആർ. 2011-നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ **130/2019** ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>

(ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം)

ഉള്ളടക്കം : ഒരുസൈറ്റ് പ്ലാൻ

**ജയശ്രീ. പി.ആർ,**
ടൗൺ പ്ലാനർ

**സെക്രട്ടറി,**
വാഴൂർ ഗ്രാമപഞ്ചായത്ത്.

പകർപ്പ് : 1) ശ്രീമതി. ബിനാസർ,
പുത്തൻ പറമ്പിൽ (വീട്), ഈരാറ്റുപേട്ട.പി.ഒ., ഈരാറ്റുപേട്ട, കോട്ടയം
2) ടൗൺ പ്ലാനർ, കോട്ടയം.
3) വെബ് സൈറ്റ്.
4) കരുതൽ ഫയൽ. 5) അധികം.